**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം 2780 — 19.12.2012 ൽ മറുപടിക്ക്

**വിനോദസഞ്ചാര മേഖലകളുടെ സംരക്ഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ആർ .സെൽവരാജ്<br>ശ്രീ. പാലോട് രവി<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാനുദ്ദേശിക്കുന്നത്;<br><br>ബി) ഇതിനായി പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ; | എ) & ബി) . കേരളത്തിലെ പ്രധാന വിനോദസഞ്ചാര ആകർഷണങ്ങളെല്ലാം പ്രകൃതിയുമായി ബന്ധപ്പെട്ടവയാണ് വിനോദസഞ്ചാര കേന്ദ്ര വികസനത്തിന് ആസൂത്രണമില്ലാതെ നടത്തുന്ന ആകസ്മിക പരിപാടികൾ ടൂറിസം വളർച്ചയെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമാണ്. പഞ്ചായത്ത് രാജ് നിയമമനുസരിച്ച് വികസന പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാനുള്ള പൂർണ്ണ അധികാരം തദ്ദേശ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. മാസ്റ്റർ പ്ലാനുകൾ, വിശദമായ ടൗൺ പ്ലാനിംഗ് പദ്ധതികൾ, കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ (Kerala Municipal Building Rules) ഇവയാണ്. ഏതുപ്രദേശത്തിന്റെയും വികസനത്തെ നിയന്ത്രിക്കുവാനും ക്രമീകരിക്കുവാനും ഉള്ള ഉപകരണങ്ങൾ. പ്രത്യേകതകളുള്ള ഒരു പ്രദേശത്തെ പ്രത്യേക മേഖലയായി തിരിക്കുവാനും, ആപ്രദേശത്തിനു മാത്രമായി പ്രത്യേക നിർദ്ദേശങ്ങൾ രൂപീകരിച്ചു വികസനം നിയന്ത്രിക്കാനുമുള്ള വ്യവസ്ഥകൾ ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ടിലുണ്ട്. ഈ പശ്ചാത്തലത്തിൽ ടൂറിസം വകുപ്പ് ടൗൺ കൺട്രി പ്ലാനിംഗ് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവയുമായി ചേർന്ന് വിനോദസഞ്ചാര പ്രാധാന്യമുള്ള സ്ഥലങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ ഉൾക്കൊള്ളൽ ശേഷി മനസ്സിലാക്കി അവയുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പ്രത്യേക നിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നു. |

സി) പൊതുമേഖലാസ്ഥാപനങ്ങൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവരെ പങ്കാളികൾ ആക്കുവാനുള്ള നടപടികൾ പദ്ധതികളിൽ ഉൾപ്പെടുത്തുമോ;

ഡി) ഇതിനായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

സി) & ഡി) പൊതുമേഖലാസ്ഥാപനങ്ങൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ,സന്നദ്ധസംഘടനകൾ എന്നിവരെ പങ്കാളികളാക്കിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിൽ പ്രധാനപ്പെട്ടത് സംസ്ഥാനത്തെ എല്ലാ പ്രമുഖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലും തദ്ദേശ ഭരണ സ്ഥാപനങ്ങളും കുടുംബശ്രീയുമായി ചേർന്നുകൊണ്ട് നടത്തുന്ന ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ, തിരുവനന്തപുരം കോർപ്പറേഷനും ഇക്കോ പ്രിസേർവ്വ് എന്ന സന്നദ്ധസംഘടനയുമായി സഹകരിച്ച് നടപ്പാക്കുന്ന ' സീറോ വേസ്റ്റ് പ്രോഗ്രാം', തദ്ദേശ ഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പാക്കുന്ന 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' പദ്ധതി എന്നിവയാണ്.

സെക്ഷൻ ഓഫീസർ